# 151/24-M

ചോദ്യപുസ്തക അക്ഷരകോഡ്

**A**

A

| ചോദ്യ പുസ്തക ക്രമനമ്പർ |
| --- |
| |

A

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 90 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

1. നീരജ് ചോപ്ര 2024 പാരിസ് ഒളിമ്പിക്സിൽ മെഡൽ നേടിയ ഇനം ഏതാണ് ?
   A) ടെന്നിസ് B) ഗുസ്തി C) ഷൂട്ടിങ്ങ് D) ജാവ്‌ലിൻ

2. കേരളത്തിന്റെ പുതിയ ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആരാണ് ?
   A) കെ. ജി. ബാലകൃഷ്ണൻ B) A. മുഹമ്മദ് മുഷ്താക്
   C) നിതിൻ മധുകർ ജംദാർ D) ആഷിഷ് ജിതേന്ദ്ര ദേശായ്

3. എവിടെയാണ് ആനിബസന്റ് ഹോംറൂൾ മൂവ്മെന്റ് തുടങ്ങിയത് ?
   A) ന്യൂഡൽഹി B) കൊൽക്കത്ത C) മദ്രാസ് D) ജയ്പൂർ

4. 1913-ൽ തുടങ്ങിയ ഖദാർ മൂവ്മെന്റിന് നേതൃത്വം നല്കിയത് ആരായിരുന്നു ?
   A) ഗാന്ധിജി B) ലാലാഹർദയാൽ
   C) ലാലാലജ്പത് റായ് D) ജവഹർലാൽ നെഹ്റു

5. താഴെ പറയുന്നവയിൽ ബാലഗംഗാധർ തിലകിന്റെ Journal ഏതാണ് ?
   A) ഇന്ത്യൻ ഒപ്പിനിയൻ B) ഇന്ത്യൻ മിറർ C) യങ് ഇന്ത്യ D) മറാത്ത

6. മൂന്ന് റൗണ്ട് ടേബിൾ conference-ലും പങ്കെടുത്ത വ്യക്തി ആരാണ് ?
   A) Dr. B.R. അംബേദ്കർ B) ജവഹർലാൽ നെഹ്റു
   C) മഹാത്മാഗാന്ധി D) സുഭാഷ് ചന്ദ്രബോസ്

7. ക്വിറ്റ് ഇന്ത്യ സമരകാലത്തെ ഇന്ത്യയിലെ വൈസ്റോയ് ആരായിരുന്നു ?
   A) ലോഡ് മൗണ്ട്ബാറ്റൺ B) ലോഡ് കാനിങ്ങ്
   C) ലോഡ് വേവൽ D) ലോഡ് ലിൻലിദ്ഗോ

8. PSC മെമ്പറെ പദവിയിൽ നിന്ന് നീക്കം ചെയ്യാനുള്ള അധികാരം ആർക്കാണ് ?
   A) ഗവർണർ B) പ്രധാനമന്ത്രി
   C) സുപ്രീംകോടതി ചീഫ് ജസ്റ്റിസ് D) രാഷ്ട്രപതി

9. മൗലിക കടമകൾ ഇന്ത്യൻ ഭരണഘടന എവിടെ നിന്നാണ് കടം എടുത്തത് ?
   A) യു. എസ്. എ. B) ഫ്രാൻസ്
   C) സോവിയറ്റ് യൂണിയൻ D) ബ്രിട്ടൺ

10. രാജ്യസഭ വൈസ് ചെയർമാനാകേണ്ട പ്രായം എത്രയാണ് ?
    A) 25 B) 35 C) 30 D) 21

11. ഭരണഘടന ഡ്രാഫ്റ്റിങ്ങ് കമ്മറ്റിയിൽ അംഗമല്ലാത്ത ആൾ ആരാണ് ?
    A) Dr. B.R. അംബേദ്കർ B) അല്ലാടി കൃഷ്ണസ്വാമി അയ്യർ
    C) K. M. മുൻഷി D) Dr. രാജേന്ദ്ര പ്രസാദ്

12. മതസ്വാതന്ത്ര്യത്തിനുള്ള വ്യക്തിയുടെ അവകാശം സംരക്ഷിക്കുന്ന ഭരണഘടന അനുച്ഛേദം ഏതാണ് ?
    A) Article 35 B) Article 14 C) Article 21 D) Article 25

13. രണ്ടാം ബർദോളി എന്നറിയപ്പെടുന്ന കേരളത്തിലെ പ്രദേശം ഏതാണ് ?

A) കൊല്ലം B) പയ്യന്നൂർ C) ആലപ്പുഴ D) പൊന്നാനി

14. 1936-ൽ ക്ഷേത്രപ്രവേശന വിളംബരം നടത്തിയ തിരുവിതാംകൂർ രാജാവ് ആരായിരുന്നു ?

A) ശ്രീമൂലം തിരുനാൾ
B) ആയില്യം തിരുനാൾ
C) സ്വാതി തിരുനാൾ
D) ശ്രീചിത്തിര തിരുനാൾ ബാലരാമവർമ

15. ആരുടെ അഭ്യർത്ഥന മാനിച്ച് കൊണ്ടാണ് 1932 ഒക്ടോബർ 2-ന് കെ. കേളപ്പൻ ഗുരുവായൂർ സത്യാഗ്രഹം അവസാനിപ്പിച്ചത് ?

A) മന്നത്ത് പത്മനാഭൻ B) A. K. ഗോപാലൻ
C) ഗാന്ധിജി D) T. K. മാധവൻ

16. രണ്ടാം ഈഴവ മെമ്മോറിയൽ എന്നറിയപ്പെട്ട 1900 ഈഴവ മെമ്മോറിയൽ സമർപ്പിക്കപ്പെട്ടത് ആർക്കാണ് ?

A) ലോഡ് കഴ്സൺ B) ലോഡ് വേവൽ
C) ലോഡ് റിപ്പൺ D) ലോഡ് ഡഫറിൻ

17. മൂലധനം മുഖവുര എന്ന പുസ്തകത്തിന്റെ രചയിതാവ് ആരാണ് ?

A) ജവഹർലാൽ നെഹ്റു B) കാറൽ മാക്സ്
C) ദാദാബായ് നവറോജി D) E. M. S. നമ്പൂതിരിപ്പാട്

18. താഴെ പറയുന്നവയിൽ ഇന്ത്യയുടെ സാമ്പത്തിക ആസൂത്രണവുമായി ബന്ധപ്പെട്ട് ശരിയല്ലാത്ത പ്രസ്താവന ഏത് ?

A) 1950-ൽ ആണ് ആസൂത്രണ കമ്മീഷൻ നിലവിൽ വന്നത്.
B) ഒന്നാം പഞ്ചവത്സര പദ്ധതി ഇന്ത്യക്ക് ഭക്ഷ്യ സ്വയംപര്യാപ്ത ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു.
C) 'അമേരിക്കൻ മോഡൽ' ആയിരുന്നു ഇന്ത്യയുടെ പഞ്ചവത്സര പദ്ധതികൾ.
D) ആസൂത്രണ കമ്മീഷന്റെ ആദ്യ ചെയർമാൻ ജവഹർലാൽ നെഹ്റു ആയിരുന്നു.

19. ഐക്യരാഷ്ട്ര സംഘടനയുടെ ലോക സന്തോഷ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 126 ആണ്. എത്ര രാജ്യങ്ങളെയാണ് ഈ വിഷയത്തിൽ പഠന വിധേയമാക്കിയത് ?

A) 153 B) 143 C) 163 D) 151

20. നീതി ആയോഗിന്റെ 2023-2024 സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ റിപ്പോർട്ട് പ്രകാരം കേരളത്തോടൊപ്പം ഒന്നാം സ്ഥാനം പങ്കിട്ട സംസ്ഥാനം ഏത് ?

A) ഉത്തർഖണ്ഡ് B) മഹാരാഷ്ട്ര
C) തമിഴ്നാട് D) ഗുജറാത്ത്

21. താഴെ പറയുന്ന പ്രസ്താവനകളിൽ മുഹമ്മദ് യൂനസിനെ സംബന്ധിക്കുന്ന ശരിയായ പ്രസ്താവനകൾ ഏത് ?

i. ഗ്രാമീൺ ബാങ്ക് സ്ഥാപകൻ

ii. ബംഗ്ലാദേശിലെ നിയുക്ത പ്രസിഡന്റ്

iii. നൊബേൽ സമ്മാന ജേതാവ്

A) ii, iii പ്രസ്താവനകൾ
B) മൂന്ന് പ്രസ്താവനകളും
C) പ്രസ്താവന i മാത്രം
D) i, iii പ്രസ്താവനകൾ

22. സെബി (SEBI) യുടെ പൂർണ രൂപം എന്ത് ?

A) സെക്യൂരിറ്റീസ് ആന്റ് എക്സ്പോർട്ട് ബോർഡ് ഓഫ് ഇന്ത്യ
B) സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ
C) സ്റ്റേറ്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ
D) സ്റ്റാൻഡേർഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ

23. പാരിസ് ഒളിമ്പിക്സിൽ അമേരിക്കയും ചൈനയും നേടിയ സ്വർണ്ണ മെഡലുകളുടെ എണ്ണം

A) 126
B) 44
C) 91
D) 40

24. അഗ്നി, സൂര്യ – ഇന്ത്യൻ പ്രതിരോധത്തിന്റെ ഭാഗമായ ഈ പേരുകൾ താഴെ പറയുന്നവയിൽ ഏതുമായി ബന്ധപ്പെട്ടതാണ് ?

A) വിമാന വാഹിനി കപ്പൽ
B) അന്തർ വാഹിനി കപ്പൽ
C) യുദ്ധ വിമാനം
D) മിസൈൽ

25. ഉപദ്വീപീയ പീഠഭൂമിയെ സംബന്ധിച്ച തെറ്റായ പ്രസ്താവന ഏത് ?

i. ഉയരം കൂടിയ ഭാഗം മഹാബലേശ്വർ.

ii. ഇതിന്റെ ഭാഗമാണ് ഡക്കാൻ പീഠഭൂമി.

iii. വിന്ധ്യ, സത്പുര, ആരവല്ലി, പശ്ചിമഘട്ടം, പൂർവ്വഘട്ടം എന്നിവ ഇതിന്റെ ഭാഗമാണ്.

A) i
B) ii
C) iii
D) ഇവയൊന്നുമല്ല

26. ഇന്ത്യയിലെ സംസ്ഥാനങ്ങളെ സംബന്ധിച്ച് ശരിയല്ലാത്ത ജോഡി ഏത് ?

A) ആന്ധ്രപ്രദേശ് – ഹൈദരാബാദ്
B) ഉത്തരാഖണ്ഡ് – ഡെഹ്റാഡൂൺ
C) ബീഹാർ – പാറ്റ്ന
D) മിസ്സോറാം – ഐസ്വാൾ

27. ഇന്ത്യയെ സംബന്ധിച്ച് ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?
    i. ലോകരാജ്യങ്ങളിൽ വലിപ്പത്തിൽ ഇന്ത്യയുടെ സ്ഥാനം 7 ആണ്.
    ii. ഇന്ത്യയിൽ 29 സംസ്ഥാനങ്ങളും 6 കേന്ദ്രഭരണ പ്രദേശങ്ങളുമാണ് നിലവിൽ ഉള്ളത്.
    iii. ''ഇന്ത്യയുടെ ഹൃദയം'' എന്നറിയപ്പെടുന്ന സംസ്ഥാനം മധ്യപ്രദേശ് ആണ്.

    A) i മാത്രം  B) ii മാത്രം
    C) i ഉം iii ഉം  D) എല്ലാം ശരിയാണ്

28. ഉത്തരപർവ്വത മേഖലയെ സംബന്ധിച്ച് തെറ്റായ പ്രസ്താവന ഏത് ?
    i. ഉത്തരപർവ്വത മേഖലയിൽ സ്ഥിതി ചെയ്യുന്ന പർവ്വതനിരകളുടെ അടിസ്ഥാനത്തിൽ ട്രാൻസ് ഹിമാലയം, ഹിമാലയം, പൂർവ്വാചൽ എന്നിങ്ങനെ തിരിച്ചിരിക്കുന്നു.
    ii. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ ഹിമാലയൻ നിരകളെ സിവാലിക്, ഹിമാചൽ, ഹിമാദ്രി എന്നിങ്ങനെ തിരിച്ചിരിക്കുന്നു.
    iii. എവറസ്റ്റ് പോലുള്ള വമ്പൻ പർവ്വതങ്ങൾ സ്ഥിതിചെയ്യുന്നത് സിവാലികിലാണ്.
    iv. നാഗാ, ഖാസി-ഗാരോ കുന്നുകൾ പൂർവ്വാചലിൽ സ്ഥിതിചെയ്യുന്നു.

    A) i  B) ii  C) iii  D) iv

29. പാക്കിസ്ഥാനുമായി അതിർത്തി പങ്കിടുന്ന ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഉൾപ്പെടാത്തതേത് ?

    A) രാജസ്ഥാൻ  B) പഞ്ചാബ്  C) ഹരിയാന  D) ഗുജറാത്ത്

30. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് തെറ്റായ പ്രസ്താവന ഏത് ?
    i. കേരളത്തിൽ 941 ഗ്രാമപഞ്ചായത്തുകളുണ്ട്.
    ii. 87 മുനിസ്സിപാലിറ്റികളും 6 മുനിസിപ്പൽ കോർപ്പറേഷനുകളും ഉണ്ട്.
    iii. അർദ്ധനഗര പ്രദേശങ്ങളിൽ ഭരണം നടത്തുന്നത് നഗരപഞ്ചായത്തുകളാണ്.
    iv. നിരവധി ഗ്രാമപഞ്ചായത്തുകൾ ചേർന്നതാണ് വാർഡ് പഞ്ചായത്ത്.

    A) i  B) ii  C) iii  D) iv

31. കേരളത്തിന്റെ സമുദ്രതീരം സംബന്ധിച്ച പ്രസ്താവനകളിൽ ശരിയായത് ഏതെല്ലാം ?
    i. കേരളത്തിന്റെ കടൽതീരം 590 km വ്യാപിച്ചുകിടക്കുന്നു.
    ii. നിലവിൽ സംസ്ഥാനത്ത് 222 കടലോര മത്സ്യഗ്രാമങ്ങളുണ്ട്.
    iii. മത്സ്യമേഖലയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ഒരു ഏജൻസിയാണ് കേരള ജലകൃഷി വികസന ഏജൻസി (അഡാക്ക്).

    A) i  B) ii  C) iii  D) എല്ലാം ശരി

32. കേരളത്തിലെ വന്യജീവിസങ്കേതങ്ങളും ദേശീയോദ്യാനങ്ങളെയും സംബന്ധിച്ച വിവരങ്ങളാണ് ചുവടെ. ഇവയിൽ ശരിയായ ജോഡി/ജോഡികൾ ഏതെല്ലാം ?

| | | |
|---|---|---|
| i. മതികെട്ടാൻ ചോല | – | വയനാട് |
| ii. പാമ്പാടും ചോല | – | ഇടുക്കി |
| iii. ആറളം വന്യജീവി സങ്കേതം | – | കണ്ണൂർ |
| iv. കരിമ്പുഴ വന്യജീവി സങ്കേതം | – | കൊല്ലം |

A) ii ഉം iii ഉം B) i ഉം ii ഉം C) ii ഉം iv ഉം D) iii ഉം iv ഉം

33. കേരളത്തെ സംബന്ധിച്ച പ്രസ്താവനകളിൽ ശരിയായവ തിരഞ്ഞെടുക്കുക.

i. മുഴുവൻ ഗ്രാമങ്ങളിലും ബാങ്കിംഗ് സേവനം ലഭ്യമാക്കിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനം.

ii. കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയ ആദ്യ ഇന്ത്യൻ സംസ്ഥാനം.

iii. ജനസാന്ദ്രത കൂടിയ ജില്ല മലപ്പുറം.

A) i ഉം ii ഉം B) i ഉം iii ഉം

C) ii ഉം iii ഉം D) എല്ലാം ശരിയാണ്

34. കേരളത്തിലെ വിവിധ വൈദ്യുതപദ്ധതികളെ സംബന്ധിച്ച പ്രസ്താവനകളിൽ ശരിയല്ലാത്തത് ഏത് ?

i. കേരളത്തിൽ ജലവൈദ്യുത പദ്ധതികളാണ് കൂടുതൽ ഉള്ളത്.

ii. കേരളത്തിലെ വിവിധ വൈദ്യുത സ്രോതസ്സുകളാണ് താപവൈദ്യുതി, ജലവൈദ്യുതി, കാറ്റ്, സൗരവൈദ്യുതി തുടങ്ങിയവ.

iii. തിരമാലയിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന കേരളത്തിന്റെ പദ്ധതിയാണ് നീണ്ടകര.

iv. പൂർണ്ണമായും വൈദ്യുതീകരിച്ച സംസ്ഥാനം എന്നറിയപ്പെടുന്നത് കേരളമാണ്.

A) i B) ii C) iii D) iv

35. കേരളത്തിലെ ജലാശയങ്ങളെ സംബന്ധിച്ച പ്രസ്താവനകളിൽ ശരിയായവ കണ്ടെത്തുക.

i. അഷ്ടമുടിക്കായൽ ''കേരളത്തിലെ കായലുകളിലേക്കുള്ള കവാടം'' എന്നറിയപ്പെടുന്നു.

ii. ഏറ്റവും വലിയ ശുദ്ധജലതടാകമാണ് ശാസ്താംകോട്ട.

iii. വേമ്പനാട്ടുക്കായൽ ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്നു.

A) i ഉം ii ഉം B) iii ഉം i ഉം

C) iii ഉം ii ഉം D) എല്ലാം ശരിയാണ്

36. കേരളത്തിലെ നദികളെ സംബന്ധിച്ച് ശരിയായത് ഏത് ?
    i. പമ്പ – കിഴക്കോട്ട്
    ii. പാമ്പാർ – പടിഞ്ഞാറോട്ട്
    iii. കുന്തിപ്പുഴ – പടിഞ്ഞാറോട്ട്
    iv. പെരിയാർ – കിഴക്കോട്ട്
    A) i  B) ii  C) iii  D) iv

37. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരത്തെ അടിസ്ഥാനമാക്കി കേരളത്തിന്റെ ഭൂപ്രകൃതിയിൽ ഉൾപ്പെടുന്നത് ഏതെല്ലാം ?
    i. മലനാട്
    ii. ഇടനാട്
    iii. തീരപ്രദേശം
    iv. സമതല പ്രദേശം
    A) i ഉം ii ഉം iii ഉം
    B) ii ഉം iii ഉം iv ഉം
    C) i ഉം iii ഉം iv ഉം
    D) എല്ലാം ശരിയാണ്

38. ''തിരുവല്ല പപ്പൻ'' എന്നറിയപ്പെട്ടിരുന്ന തോമസ്സ് വർഗീസ് ഏത് ഒളിമ്പിക് കായിക ഇനത്തിലാണ് മത്സരിച്ചത് ?
    A) ലോങ് ജമ്പ്
    B) 400 m ഹർഡിൽസ്
    C) ഫുട്ബോൾ
    D) ഹോക്കി

39. കേരളത്തിൽ തെക്കുപടിഞ്ഞാറൻ മൺസൂണിനെ സംബന്ധിച്ച പ്രസ്താവനകളിൽ ശരിയായവ ഏതെല്ലാം ?
    i. ജൂൺ മുതൽ സെപ്തംബർ വരെ മഴ ലഭിക്കുന്നു.
    ii. ഇടവപ്പാതി എന്നറിയപ്പെടുന്നു.
    iii. തുലാവർഷം എന്നും അറിയപ്പെടുന്നു.
    A) i ഉം iii ഉം
    B) i ഉം ii ഉം
    C) ii ഉം iii ഉം
    D) ഇവയെല്ലാം ശരി

40. നിലവിൽ കേരളത്തിലെ ഏറ്റവും വലിയ ജില്ല ഏത് ?
    A) പാലക്കാട്  B) ഇടുക്കി  C) എറണാകുളം  D) മലപ്പുറം

41. വരയാടിനെ (നീലഗിരി താർ) സംരക്ഷിക്കാൻ ''പ്രോജക്റ്റ് നീലഗിരി താർ'' പദ്ധതി ആരംഭിച്ച സംസ്ഥാനം ഏത് ?
    A) തമിഴ്നാട്  B) കേരളം  C) കർണ്ണാടക  D) മഹാരാഷ്ട്ര

42. കേരളത്തിലെ സ്കൂൾ ബസ്സുകൾ ട്രാക്ക് ചെയ്യാൻ രക്ഷിതാക്കൾക്ക് മോട്ടോർ വാഹനവകുപ്പ് ആരംഭിച്ച മൊബൈൽ ആപ്പ് ഏത് ?
    A) സ്കൂൾ വാഹൻ
    B) എഡ്യുവാഹൻ
    C) വിദ്യാവാഹൻ
    D) പരിവാഹൻ

43. എല്ലാ ആദിവാസികൾക്കും അടിസ്ഥാന രേഖകൾ നൽകുന്ന ഇന്ത്യയിലെ ആദ്യജില്ല ഏത് ?
   A) വയനാട്
   B) ഇടുക്കി
   C) പാലക്കാട്
   D) പത്തനംതിട്ട

44. തിരുകൊച്ചി സംയോജനം നടന്നത് എപ്പോൾ ?
   A) 1949 ജൂൺ 1
   B) 1949 ജൂലൈ 1
   C) 1948 ജൂൺ 1
   D) 1948 ജൂലൈ 1

45. യുനസ്കൊയുടെ ലോകപൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയ രണ്ടാമത്തെ കേരളീയ കലാരൂപം ഏത് ?
   A) കഥകളി
   B) കൂടിയാട്ടം
   C) ഓട്ടൻതുള്ളൽ
   D) മുടിയേറ്റ്

46. 'നിബന്ധമാല' എന്ന കൃതി രചിച്ചത് ആര് ?
   A) കബീർ
   B) സൂർദാസ്
   C) വിഷ്ണു കൃഷ്ണ ചിപ്ലുങ്കർ
   D) ഹയാത്ത് -ഇ-സാദി

47. അർജുന അവാർഡ് നേടിയ ആദ്യ മലയാളി ആര് ?
   A) സി. ബാലകൃഷ്ണൻ
   B) ടി. സി. യോഹന്നാൻ
   C) കെ. സി. എൽസമ്മ
   D) ജിമ്മി ജോർജ്

48. ഇന്ത്യൻ ഗവൺമെന്റിന്റെ കീഴിൽ വരുന്ന ISRO യുടെ പുതിയ വാണിജ്യ വിഭാഗം
   A) ന്യൂ സ്പേസ് ഇന്ത്യ ലിമിറ്റഡ്
   B) ഇന്ത്യൻ ഡാറ്റ റിലെ സാറ്റലൈറ്റ് സിസ്റ്റം
   C) ഇൻസ്പേസ്
   D) സ്പേസ് കിഡ്സ് ഇന്ത്യ

49. 2023 IPL-ൽ IPL ചരിത്രത്തിലെ ആദ്യ ഇംപാക്റ്റ് പ്ലെയർ ആയത് ആരാണ് ?
   A) സാം കരൻ
   B) ശുഭ്മാൻ ഗിൽ
   C) തുഷാർ ദേശ് പാണ്ഡെ
   D) മുഹമ്മദ് ഷമ്മി

50. ജ്ഞാനപ്പാന പുരസ്കാരം 2023-ൽ നേടിയത് ആര് ?
   A) കെ. ജയകുമാർ
   B) വി. മധുസൂദനൻ നായർ
   C) കെ. ബി. ശ്രീദേവി
   D) ശ്രീ. ശ്രീ. രവിശങ്കർ

51. ചന്ദ്രയാൻ – III വിക്ഷേപിച്ചത് എന്ന് ?
   A) 2023 ജൂൺ 21
   B) 2023 ജൂൺ 22
   C) 2023 സെപ്തംബർ 22
   D) 2023 ജൂലൈ 14

52. മലപ്പുറം താനൂർ ബോട്ട് അപകടത്തെകുറിച്ച് അന്വേഷിച്ച ജുഡീഷ്യൽ കമ്മീഷൻ ഏത് ?

A) വി. കെ. മോഹൻ കമ്മീഷൻ
B) വി. പി. ജോയ് കമ്മീഷൻ
C) ബി. എൻ. ശ്രീകൃഷ്ണ കമ്മീഷൻ
D) പി. രാധാകൃഷ്ണൻ കമ്മീഷൻ

53. താഴെ പറയുന്നവയിൽ അസ്ഥികളുടെ ആരോഗ്യത്തിന് അത്യാവശ്യം വേണ്ട വിറ്റാമിൻ ഏത് ?

A) വിറ്റാമിൻ – C
B) വിറ്റാമിൻ – D
C) വിറ്റാമിൻ – A
D) വിറ്റാമിൻ – B

54. വന്യജീവികളോടൊപ്പം ചരിത്ര സ്മാരകങ്ങളെയും പ്രകൃതിവിഭവങ്ങളെയും ഭൗമസവിശേഷതകളും സംരക്ഷിക്കുന്നതിനായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന വനമേഖല ഏത് ?

A) നാഷണൽ പാർക്കുകൾ
B) കമ്മ്യൂണിറ്റി റിസർവുകൾ
C) ബൊട്ടാണിക്കൽ ഗാർഡനുകൾ
D) ഇക്കോളജിക്കൽ ഹോട്ട് സ്പോട്ടുകൾ

55. താഴെ പറയുന്നവയിൽ ഏതു കാർഷിക വിളയിൽ പെടുന്നതാണ് 'വെള്ളായണി ഹ്രസ്വ' ?

A) കുരുമുളക്
B) കിഴങ്ങുവർഗ്ഗം
C) കരിമ്പ്
D) തെങ്ങ്

56. വിസർജ്യവസ്തുക്കളുടെ സാന്നിധ്യം മൂലം മലിനമാക്കപ്പെട്ട കുടിവെള്ളം ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകുന്ന രോഗം

A) അനീമിയ
B) മലേറിയ
C) ഗൊണേറിയ
D) ഡയേറിയ

57. മനുഷ്യരക്തപര്യയന വ്യവസ്ഥയുമായി ബന്ധപ്പെട്ട പ്രസ്താവനകൾ പരിശോധിച്ച് ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുക്കുക.

i. എല്ലാ ധമനികളും ശുദ്ധരക്തം വഹിക്കുന്നു.
ii. എല്ലാ സിരകളും അശുദ്ധ രക്തം വഹിക്കുന്നു.
iii. കൊറോണറി ധമനി അശുദ്ധ രക്തം വഹിക്കുന്നു.
iv. ശ്വാസകോശ ധമനി അശുദ്ധ രക്തം വഹിക്കുന്നു.

A) പ്രസ്താവന i, iv എന്നിവ ശരിയാണ്
B) പ്രസ്താവന ii, iii എന്നിവ ശരിയാണ്
C) പ്രസ്താവന iv ശരിയാണ്
D) പ്രസ്താവന iii ശരിയാണ്

58. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ ഗവേഷകർ കൃത്രിമ രീതിയിൽ സൃഷ്ടിച്ചെടുത്ത ബാക്ടീരിയ

A) സാൽമൊണെല്ല ബാക്ടീരിയ
B) സൂപ്പർ ബഗ്
C) ലെപ്റ്റോസ്പൈറ ബാക്ടീരിയ
D) ഇ. കോളി. ബാക്ടീരിയ

59. കമ്പ്യൂട്ടറുകളെ ചിന്തകൾ കൊണ്ട് നിയന്ത്രിക്കുന്നതിനായി മനുഷ്യമസ്തിഷ്ക്കത്തിൽ വയർലെസ് ചിപ്പ് സ്ഥാപിച്ച് പരീക്ഷണം നടത്തുന്ന ഇലോൺ മസ്കിന്റെ കമ്പനി

A) ടെസ്‌ല
B) സ്പേസ് എക്സ്
C) ഇൻ-സ്പേസ്
D) ന്യൂറോലിങ്ക് കോർപ്പറേഷൻ

60. ആറ്റത്തിലെ ഏതു കണത്തിന്റെ സാന്നിധ്യമാണ് ജെ. ജെ. തോംസൺ കണ്ടെത്തിയത് ?

A) പ്രോട്ടോൺ
B) ഇലക്ട്രോൺ
C) ന്യൂട്രോൺ
D) ഇവയൊന്നുമല്ല

61. തന്നിരിക്കുന്നവയിൽ ക്രിസ്റ്റലാകൃതിയില്ലാത്ത കാർബണിന്റെ രൂപാന്തരമേത് ?

A) വജ്രം
B) ഗ്രാഫൈറ്റ്
C) കൽക്കരി
D) ഫുള്ളറീൻ

62. ഒരു ലോഹധാതുവിനെ അയിരായി പരിഗണിക്കുന്നതിന്, അതിനുണ്ടായിരിക്കേണ്ട സവിശേഷതകളെ കുറിച്ച് കൊടുത്തിട്ടുള്ള പ്രസ്താവനകളിൽ ശരിയായ പ്രസ്താവന/ പ്രസ്താവനകൾ ഏതാണ് ?

1. എല്ലാധാതുക്കളും അയിരുകളാണ്.
2. ലോഹത്തിന്റെ അംശം കൂടുതലുണ്ടായിരിക്കണം.
3. എളുപ്പത്തിലും ചെലവ് കുറഞ്ഞരീതിയിലും ലോഹം വേർതിരിച്ചെടുക്കാവുന്നതാകണം.

A) 1 മാത്രം ശരിയാണ്
B) 2 മാത്രം ശരിയാണ്
C) 1 and 2 മാത്രം ശരിയാണ്
D) 2 and 3 മാത്രം ശരിയാണ്

63. ജനറേറ്ററിൽ നടക്കുന്ന ഊർജപരിവർത്തനമേത് ?

A) യാന്ത്രികോർജം വൈദ്യുതോർജമാകുന്നു
B) വൈദ്യുതോർജം യാന്ത്രികോർജമാകുന്നു
C) വൈദ്യുതോർജം രാസോർജമാകുന്നു
D) ഇവയൊന്നുമല്ല

64. ശ്രവണബോധം ഉളവാക്കാൻ കഴിയുന്ന ഊർജരൂപമാണ് ശബ്ദം. ശബ്ദത്തെ സംബന്ധിച്ച് തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏതാണ് ?

1. വസ്തുക്കളുടെ കമ്പനം മൂലമാണ് ശബ്ദം ഉണ്ടാകുന്നത്.
2. ശബ്ദത്തിനു സഞ്ചരിക്കാൻ മാധ്യമം ആവശ്യമാണ്.
3. മനുഷ്യരുടെ ശ്രവണപരിധി 20 Hz മുതൽ 2000 Hz വരെയാണ്.

A) 1 മാത്രം ശരിയാണ്
B) 1 and 2 മാത്രം ശരിയാണ്
C) 2 and 3 മാത്രം ശരിയാണ്
D) എല്ലാം ശരിയാണ്

65. കേരള ഗവർമെന്റിന്റെ ഡ്രൈവിംഗ് ലൈസൻസ് സേവനങ്ങൾക്കു വേണ്ടിയുള്ള സോഫ്റ്റ്‌വെയർ ഏത് ?

A) വാഹൻ
B) സാരഥി
C) K. റീപ്പ്
D) നവോത്ഥാന

66. ഏതു മേഖലയിലുള്ളവർക്കാണ് രാഷ്ട്രീയ വിജ്ഞാൻ പുരസ്കാരം നൽകപ്പെടുന്നത് ?

A) സാംസ്കാരിക പ്രവർത്തകർക്ക്
B) ശാസ്ത്രജ്ഞർക്ക്
C) സാഹിത്യകാരന്മാർക്ക്
D) കായികമേഖലയിൽ പ്രവർത്തിക്കുന്നവർക്ക്

67. കേരള സാമൂഹിക സുരക്ഷ മിഷൻ കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും താമസിക്കുന്ന 65 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങൾക്കു നല്കുന്ന ആരോഗ്യ സാമൂഹിക പരിരക്ഷ

A) വയോഅമൃതം
B) വയോമിത്രം
C) മന്ദഹാസം
D) വയോമധുരം

68. താഴെപ്പറയുന്നവയിൽ വൈറസ് മൂലം ഉണ്ടാകുന്ന രോഗബാധ ഏത് ?

A) കോളറ
B) ട്യൂബർകുലോസിസ്
C) കുഷ്ഠം
D) ചിക്കൻപോക്സ്

69. ജീവകം $B_{12}$ ന്റെ അപര്യാപ്തത മൂലമുണ്ടാകുന്ന രോഗം ഏത് ?

A) സ്കർവി
B) വന്ധ്യത
C) പെർനിഷ്യസ് അനീമിയ
D) നിശാന്ധത

70. പ്രഥമ ശുശ്രൂഷയുടെ ലക്ഷ്യങ്ങൾ

A) വേദന കുറയ്ക്കുക
B) ജീവൻ രക്ഷിക്കുക
C) ഗുരുതരാവസ്ഥ ഒഴിവാക്കുക
D) മുകളിൽ പറഞ്ഞതെല്ലാം

71. ജീവിതശൈലി രോഗങ്ങൾ ഉണ്ടാകാനുള്ള പ്രധാന കാരണം താഴെപ്പറയുന്നതിൽ ഏതാണ് ?

A) മാരകമായ വൈറസ് ബാധ
B) ജനിതക കാരണങ്ങൾ
C) അനാരോഗ്യമായ ഭക്ഷണശീലം
D) സാംക്രമിക രോഗങ്ങൾ

72. മാംസ്യത്തിന്റെ കുറവ് മൂലം ഉണ്ടാകുന്ന രോഗം ഏത് ?

A) വിളർച്ച
B) പെല്ലഗ്ര
C) ക്വാഷിയോർക്കർ
D) എക്സിമ

73. കോവിഡ് 19-ന് കാരണമായ രോഗാണുക്കൾ ഏത് വർഗ്ഗത്തിൽപ്പെടുന്നു ?

A) വൈറസ്
B) ബാക്ടീരിയ
C) ആൽഗ
D) ഫംഗസ്

74. മാരകമായ അസുഖങ്ങൾ കാരണം ദുരിതമനുഭവിക്കുന്ന 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നല്കുന്ന കേരള സർക്കാരിന്റെ പദ്ധതി

A) ആർദ്രം
B) താലോലം
C) സുകൃതം
D) മന്ദഹാസം

75. വില്ലൻചുമയ്ക്ക് കാരണമാകുന്ന രോഗകാരി ഏത് ?

A) ബോർഡെറ്റല്ല പെർട്ടൂസിസ്
B) വിബ്രിയോ കോളറേ
C) ലൈസാ വൈറസ്
D) പ്ലാസ്മോഡിയം വൈവാക്സ്

76. ചിക്കൻപോക്സിന്റെ പ്രതിരോധത്തിനുള്ള വാക്സിൻ ഏത് ?

A) ബി. സി. ജി. വാക്സിൻ
B) ഓറൽ പോളിയോ വാക്സിൻ
C) വെരിസെല്ല വാക്സിൻ
D) ഹെപറ്റൈറ്റിസ് ബി. വാക്സിൻ

77. ആന്റിബയോട്ടിക്കിന്റെ അമിതവിനിയോഗം തടയുന്നതിനായി കേരള സംസ്ഥാന മാരംഭിച്ച പുതിയ പദ്ധതി ഏതാണ് ?

A) ഓപ്പറേഷൻ തേന
B) ഓപ്പറേഷൻ അമൃത്
C) ഓപ്പറേഷൻ ഹരിതം
D) ഓപ്പറേഷൻ പരിഷ്കാരം

78. 2023-ൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ മരണം ഉണ്ടാക്കിയ ജീവിതശൈലി രോഗം ഏതാണ് ?

A) ഹൃദ്രോഗം
B) പ്രമേഹം
C) ആസ്തമ
D) സ്ട്രോക്ക്

79. കേരള സംസ്ഥാന ആരോഗ്യ ഏജൻസി 2023-24-ൽ ശ്രവണവൈകല്യം ബാധിച്ച അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് കൊക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ സൗജന്യമായി നല്കുന്ന സംരംഭം ഏത് ?

A) സ്നേഹസാന്ത്വനം
B) സ്നേഹസ്പർശം
C) ശ്രുതിതരംഗം
D) സമാശ്വാസം

80. കേരള സർക്കാരിന്റെ ദിശ ഹെൽപ്‌ലൈൻ നമ്പർ ഏത് ?

A) 1076
B) 1058
C) 1066
D) 1056

81. ഒരാൾ തന്റെ സമ്പാദ്യത്തിന്റെ $\frac{2}{7}$ ഭാഗം ഒന്നാമത്തെ മകനും $\frac{2}{5}$ ഭാഗം രണ്ടാമത്തെ മകനും ബാക്കിയുള്ളത് മൂന്നാമത്തെ മകനും നൽകി. എങ്കിൽ മൂന്നാമത്തെ മകന് ആകെ സമ്പാദ്യത്തിന്റെ എത്ര ഭാഗമാണ് ലഭിച്ചത് ?

A) $\frac{5}{12}$ B) $\frac{11}{35}$ C) $\frac{24}{34}$ D) $\frac{7}{12}$

82. 1 മീറ്റർ നീളമുള്ള റിബണിൽ നിന്നും 0.63 മീറ്റർ നീളമുള്ള റിബൺ മുറിച്ചു മാറ്റിയാൽ ബാക്കിയുള്ള റിബണിന്റെ നീളം എത്ര ?

A) 0.47 മീറ്റർ B) 0.37 മീറ്റർ
C) 0.037 മീറ്റർ D) 37 മില്ലി മീറ്റർ

83. ഒളിമ്പിക്സിൽ 100 മീറ്റർ ഓട്ടമത്സരം 10 സെക്കന്റിൽ ഓടി പൂർത്തിയാക്കിയ ആൾ ശരാശരി എത്ര വേഗതയിലാണ് ഓടിയത് ?

A) 10 മീറ്റർ/സെക്കന്റ് B) 10 കിലോമീറ്റർ/മണിക്കൂർ
C) 100 മീറ്റർ/സെക്കന്റ് D) 10 കിലോമീറ്റർ/സെക്കന്റ്

84. ഏതു സംഖ്യയോട് 0.111 കൂട്ടിയാൽ 1.011 കിട്ടും ?

A) 0.999 B) 0.9 C) 0.99 D) 1

85. 580 രൂപയ്ക്കു വാങ്ങിയ ഒരു സാധനം 609 രൂപയ്ക്കു വിറ്റാൽ ലാഭ ശതമാനം എത്ര ?

A) 7% B) 6% C) 4% D) 5%

86. 4, 5, 6 എന്നീ 3 സംഖ്യകൾ കൊണ്ട് പൂർണ്ണമായും ഹരിക്കാൻ കഴിയുന്ന ഏറ്റവും ചെറിയ എണ്ണൽ സംഖ്യ ?

A) 30 B) 120 C) 180 D) 60

87. $\frac{1}{2}+\frac{1}{3}-\frac{1}{4}=$

A) $\frac{4}{13}$ B) $\frac{7}{12}$ C) $\frac{5}{8}$ D) $\frac{9}{12}$

88. $\sqrt{16}+4^2=K$, ആണെങ്കിൽ K-യുടെ വില എന്ത് ?

A) 32 B) 8 C) 20 D) 36

89. 12 കളികൾ കഴിഞ്ഞപ്പോൾ ഒരു ക്രിക്കറ്റ് കളിക്കാരന്റെ ശരാശരി റൺസ് 49 ആണ്. 13 -ാംമത്തെ കളിയിൽ എത്ര റൺസ് എടുത്താലാണ് അയാളുടെ ശരാശരി 50 റൺസ് ആകുന്നത് ?

A) 55 റൺസ് B) 60 റൺസ് C) 62 റൺസ് D) 66 റൺസ്

90. $18 \times 21 + 21 \times 82 =$

A) 2214 B) 2100 C) 2200 D) 1982

91. താഴെ തന്നിരിക്കുന്നതിൽ കൂട്ടത്തിൽപ്പെടാത്ത സംഗീത ഉപകരണം ഏതാണ് ?
A) ഗിത്താർ B) വീണ C) ഓടക്കുഴൽ D) വയലിൻ

92. ഒരാൾ ഒരു സ്ഥലത്തു നിന്ന് 200 മീറ്റർ തെക്കോട്ടു നടക്കുന്നു. തുടർന്ന് 160 മീറ്റർ വലത്തോട്ട് നടക്കുന്നു. തുടർന്ന് 200 മീറ്റർ വലത്തോട്ട് നടക്കുന്നു. അതിനുശേഷം 50 മീറ്റർ ഇടത്തോട്ട് നടന്നു നിൽക്കുന്നു. ഇപ്പോൾ അയാൾ യാത്ര തുടങ്ങിയിടത്തു നിന്നും എത്ര അകലെയാണ് ?
A) 110 മീറ്റർ B) 610 മീറ്റർ C) 210 മീറ്റർ D) 410 മീറ്റർ

93. $12 + 10 \times 5 \times 0 =$
A) 22 B) 0 C) 62 D) 12

94. ഒരു പ്രത്യേക കോഡിൽ DELHI എന്നതിനെ ക്രമീകരിച്ചപ്പോൾ HIDEL എന്ന് കിട്ടി. എങ്കിൽ ITALYഎന്നതിനെ ഈ കോഡുപയോഗിച്ചു ഏതു രീതിയിൽ ക്രമീകരിക്കാം ?
A) LITAY B) LYITA C) LTIYA D) LYTIA

95. ഇപ്പോൾ രേവതിയുടെയും അമ്മയുടെയും വയസ്സുകളുടെ തുക 36 ആണ്. 2 വർഷം കഴിയുമ്പോൾ അമ്മയുടെ വയസ്സ് രേവതിയുടെ വയസ്സിന്റെ 4 മടങ്ങാകും. എങ്കിൽ ഇപ്പോൾ രേവതിക്ക് എത്ര വയസ്സുണ്ട് ?
A) 8 വയസ്സ് B) 9 വയസ്സ് C) 6 വയസ്സ് D) 7 വയസ്സ്

96. $0.31 + 0.21 \times 2 =$
A) 1.04 B) 0.104 C) 0.073 D) 0.73

97. 50 കുട്ടികളുള്ള ഒരു ക്ലാസ്സിൽ 40 കുട്ടികൾ ഗണിതത്തിനു വിജയിച്ചു. 25 കുട്ടികൾ ഇംഗ്ലീഷിന് വിജയിച്ചു. 18 കുട്ടികൾ ഗണിതത്തിനും ഇംഗ്ലീഷിനും വിജയിച്ചു. എങ്കിൽ ഈ രണ്ടു വിഷയങ്ങൾക്കും തോറ്റത് എത്ര പേരാണ് ?
A) 15 B) 7 C) 3 D) 2

98. P, Q, R, S എന്നീ നാലാളുകൾ നിരന്നു നിൽക്കുന്നു. P എന്ന ആൾ Q ന്റെ വലതു വശത്തും R ന്റെ ഇടത് വശത്തായും നിൽക്കുന്നു. S എന്ന ആൾ P യുടെ ഇടതു വശത്തായും Q ന്റെ വലതു വശത്തായും നിൽക്കുന്നു. എങ്കിൽ ഏറ്റവും ഇടത്തേ അറ്റത്തു നിൽക്കുന്നത് ആരാണ് ?
A) P B) Q C) R D) S

99. 103, 104, 107, 112, 119, 128, ... ഈ ശ്രേണിയിലെ അടുത്ത പദം എത്രയാണ് ?
A) 139 B) 135 C) 133 D) 141

100. 16, 36, 64, 114, 144 ഈ കൂട്ടത്തിൽ പെടാത്ത സംഖ്യ ഏത് ?
A) 36 B) 64 C) 114 D) 144

## Space for Rough Work

**FINAL ANSWER KEY**
**Question Paper Code:151-24 M**
**Question Paper Medium:Malayalam**
**Category Code:535/2023**
**Name Of Post & Department:LGS- Various-Kollam,Palakkad,Wayanad,Kasargode 535/2023**
**Date Of Test:02-Nov-2024**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | D | C | A | D |
| 2 | C | B | C | D |
| 3 | C | A | C | B |
| 4 | B | C | C | D |
| 5 | D | D | D | C |
| 6 | A | C | A | D |
| 7 | D | C | C | A |
| 8 | D | A | A | A |
| 9 | C | B | B | C |
| 10 | C | A | D | D |
| 11 | D | B | D | X |
| 12 | D | B | C | B |
| 13 | B | D | D | D |
| 14 | D | C | D | D |
| 15 | C | D | B | D |
| 16 | A | C | C | A |
| 17 | X | D | B | C |
| 18 | X | A | A | A |
| 19 | X | B | C | B |
| 20 | A | B | D | D |
| 21 | X | C | C | D |
| 22 | B | A | C | C |
| 23 | D | A | A | D |
| 24 | D | C | B | D |
| 25 | D | B | A | B |
| 26 | A | D | D | C |
| 27 | C | C | A | B |
| 28 | C | D | B | A |
| 29 | C | D | A | C |
| 30 | D | B | B | D |
| 31 | D | A | B | C |
| 32 | A | C | B | C |
| 33 | A | A | D | A |
| 34 | C | B | C | B |
| 35 | D | D | D | A |
| 36 | C | D | C | B |
| 37 | A | A | D | B |
| 38 | X | B | A | D |
| 39 | B | A | B | C |
| 40 | B | B | B | D |
| 41 | A | C | C | D |
| 42 | C | A | A | C |
| 43 | A | X | A | C |
| 44 | B | B | C | B |
| 45 | D | B | B | D |
| 46 | C | D | A | D |
| 47 | A | A | X | A |
| 48 | A | A | X | B |
| 49 | C | C | X | A |
| 50 | B | D | A | B |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | D | A | C | C |
| 52 | A | C | A | A |
| 53 | B | C | X | A |
| 54 | A | C | B | C |
| 55 | B | D | B | B |
| 56 | D | X | A | C |
| 57 | C | B | D | D |
| 58 | D | D | D | A |
| 59 | D | D | C | B |
| 60 | B | D | C | B |
| 61 | C | A | D | A |
| 62 | D | X | A | D |
| 63 | A | X | A | D |
| 64 | B | X | C | C |
| 65 | B | A | D | C |
| 66 | B | D | D | C |
| 67 | B | D | C | A |
| 68 | D | B | C | X |
| 69 | C | D | B | B |
| 70 | D | C | D | B |
| 71 | C | A | X | A |
| 72 | C | D | B | X |
| 73 | A | D | D | X |
| 74 | B | C | D | X |
| 75 | A | C | D | A |
| 76 | C | D | D | A |
| 77 | B | C | D | C |
| 78 | A | C | B | C |
| 79 | C | B | D | C |
| 80 | D | D | C | D |
| 81 | B | D | D | C |
| 82 | B | C | B | C |
| 83 | A | B | C | D |
| 84 | B | A | C | B |
| 85 | D | C | B | C |
| 86 | D | C | D | B |
| 87 | B | C | C | B |
| 88 | C | D | B | A |
| 89 | C | B | A | B |
| 90 | B | C | C | D |
| 91 | C | D | B | D |
| 92 | C | B | B | C |
| 93 | D | C | A | B |
| 94 | B | C | B | A |
| 95 | C | B | D | C |
| 96 | D | B | C | D |
| 97 | C | B | C | B |
| 98 | B | A | D | C |
| 99 | A | B | B | C |
| 100 | C | D | C | B |

'X' denotes deletion

Approved For Publication
Sd/-
Section officer